പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 27

26.02.2018 ൽ മറുപടിക്ക്

## ചിൽഡ്രൻ ആന്റ് പോലീസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. മുരളി പെരുനെല്ലി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

എ) സർക്കാർ നടപ്പാക്കുന്ന ചിൽഡ്രൻ ആന്റ് പോലീസ് (സി.എ.പി.) പദ്ധതിയുടെ വിശദാംശം നൽകുമോ;

എ) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും കുറ്റകൃത്യങ്ങളും തടയുകയും കുട്ടികൾക്ക് കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് **'കുട്ടികളും പോലീസും' (സി.എ.പി)** എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. തിരുവനന്തപുരം സിറ്റി ഫോർട്ട് പോലീസ് സ്റ്റേഷനിലാണ് ഈ പദ്ധതി ആദ്യമായി നടപ്പിൽ വരുത്തിയത്. കൂടാതെ 6 പോലീസ് സ്റ്റേഷനുകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. രൂപത്തിലും ഭാവത്തിലും ഘടനയിലും ഒരു ശിശു സൗഹൃദ അന്തരീക്ഷവും പ്രവർത്തനവും ഒരുക്കുക എന്നുള്ളതാണ് ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

കുട്ടികളുടെ ക്ഷേമത്തിനും, സുരക്ഷിതത്വത്തിനും വേണ്ടി പ്രവർത്തിച്ചു വരുന്ന വിവിധ സർക്കാർ സംവിധാനങ്ങളും, വിദ്യാഭ്യാസ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവയുമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികളെയും, നിയമപരമായ പ്രശ്നങ്ങളിൽ അകപ്പെടുന്ന കുട്ടികളേയും പോലീസ് സ്റ്റേഷന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നതിനും, അവർക്ക് ജീവിതത്തിൽ വിജയിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ജുവനൈൽ ജസ്റ്റിസ് ആക്ട്, പോക്സോ ആക്ട് എന്നിവ പ്രകാരം കുട്ടികളുടെ സുരക്ഷയും, സംരക്ഷണവും ഉറപ്പാക്കുന്നതിനും അവ കർശനമായി നടപ്പാക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുക, ബാലവേല, ബാലഭിക്ഷാടനം തുടങ്ങിയ വിപത്തുകൾ തടയുക എന്നിവയാണ് ഈ പദ്ധതിയിലൂടെ പ്രധാനമായും നടപ്പാക്കി വരുന്നത്.

ബി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ബാലസൗഹൃദവും സ്ത്രീ സൗഹൃദവും ആക്കി തീർക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

ബി) കുട്ടികളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന കേസുകളിൽ കുട്ടികൾക്ക് ആവശ്യമായ സഹായങ്ങൾ നൽകി അവരുടെ സംരക്ഷണം ഏറ്റെടുത്ത് പരിപാലിക്കുന്നതിന് ജുവനൈൽ വെൽഫെയർ ഓഫീസർ ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നു.

സ്ത്രീകൾക്കും, കുട്ടികൾക്കും നിർഭയമായി പോലീസ് സ്റ്റേഷനുകളിൽ പരാതികളും മറ്റും നൽകുന്നതിലേയ്ക്കായി പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ച് വരുന്നു. ഇവരുടെ പരാതികൾ സ്വീകരിക്കുന്നതിനായി എല്ലാ പഞ്ചായത്തുകളിലും ആഴ്ചയിൽ ഒരു ദിവസം ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയെ പഞ്ചായത്ത് ബീറ്റിന്റെ ഭാഗമായി അയക്കുന്നുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും സ്വയരക്ഷയും ആത്മ ധൈര്യവും വർദ്ധിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ്, കുടുംബ യൂണിറ്റുകൾ, റസിഡന്റ്സ് അസോസിയേഷൻ എന്നിവരുടെ സഹായത്തോടു കൂടി സെൽഫ് ഡിഫൻസ് പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | സ്ത്രീകളെയും, പെൺകുട്ടികളെയും യാത്രാ വേളയിലും പൊതുസ്ഥലത്തും മറ്റും ശല്യം ചെയ്യുന്നവരെ പിടികൂടുന്നതിനായി പിങ്ക് പട്രോൾ പദ്ധതിയും പിങ്ക് ബീറ്റും നടപ്പിലാക്കി വരുന്നു. |
| സി) | വീടുകളിൽ ദുരുദ്ദേശ്യത്തോടെ സ്റ്റിക്കർ പതിക്കുന്നവർക്കെതിരെയും ഇതിന്റെയടിസ്ഥാനത്തിൽ കുട്ടികളെ തട്ടികൊണ്ടു പോകുന്നവർ വ്യാപകമാണെന്ന നുണപ്രചാരണം നടത്തി ജനങ്ങളിൽ അനാവശ്യ ഭീതി പടർത്തുന്ന പ്രവണത അവസാനിപ്പിക്കുന്നതിനും കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ? | സി) | ഇത്തരം നുണപ്രചരണം നടത്തി ജനങ്ങളിൽ അനാവശ്യ ഭീതി പടർത്തുന്ന പ്രവണത അവസാനിപ്പിക്കുന്നതിനായി കർശന നടപടികൾ സ്വീകരിക്കാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും ക്രമസമാധാന ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥൻമാർക്കും സംസ്ഥാന പോലീസ് മേധാവി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ